**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3003** **28-02-2023 - ൽ മറുപടിയ്ക്ക്**

**തീരദേശ വികസന പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ.കെ.ടി.ജലീൽ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ തീരദേശ വികസനത്തിനായി എന്തെങ്കിലും പാക്കേജുകൾ നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; | (എ) | 2023-24 ബഡ്ജറ്റിൽ സംസ്ഥാനത്തെ തീരദേശ വികസനത്തിനായി പാക്കേജുകളൊന്നും പ്രഖ്യാപിച്ചിട്ടില്ല.എന്നാൽ ഫിഷറീസ് വകുപ്പ് മുഖാന്തിരം 2016-17 മുതൽ 5 വർഷം കൊണ്ട് തീരദേശത്തിന്റെ സമഗ്ര വികസനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും ഉതകുന്ന പദ്ധതികൾ ഉൾപ്പെടുന്ന 5000 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജ് പ്രഖ്യാപിക്കുകയും ആയത് നടപ്പിലാക്കി വരുകയും ചെയ്യുന്നു. പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | എങ്കിൽ എത്ര കോടി രൂപയുടെ പാക്കേജുകളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | 2023-24 ബഡ്ജറ്റിൽ സംസ്ഥാനത്തെ തീരദേശ വികസനത്തിനായി പാക്കേജുകളൊന്നും പ്രഖ്യാപിച്ചിട്ടില്ല.എന്നാൽ ഫിഷറീസ് വകുപ്പ് മുഖാന്തിരം 2016-17 മുതൽ 5 വർഷം കൊണ്ട് തീരദേശത്തിന്റെ സമഗ്ര വികസനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും ഉതകുന്ന പദ്ധതികൾ ഉൾപ്പെടുന്ന 5000 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജ് പ്രഖ്യാപിക്കുകയും ആയത് നടപ്പിലാക്കി വരുകയും ചെയ്യുന്നു. പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഏതെല്ലാം കാര്യങ്ങളാണ് ഇതുവഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ? | (സി) | 2023-24 ബഡ്ജറ്റിൽ സംസ്ഥാനത്തെ തീരദേശ വികസനത്തിനായി പാക്കേജുകളൊന്നും പ്രഖ്യാപിച്ചിട്ടില്ല.എന്നാൽ ഫിഷറീസ് വകുപ്പ് മുഖാന്തിരം 2016-17 മുതൽ 5 വർഷം കൊണ്ട് തീരദേശത്തിന്റെ സമഗ്ര വികസനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനും ഉതകുന്ന പദ്ധതികൾ ഉൾപ്പെടുന്ന 5000 കോടി രൂപയുടെ സ്പെഷ്യൽ പാക്കേജ് പ്രഖ്യാപിക്കുകയും ആയത് നടപ്പിലാക്കി വരുകയും ചെയ്യുന്നു. പദ്ധതികളെ |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

സംസ്ഥാനത്തെ തീരദേശ വികസനത്തിനായി നടപ്പിലാക്കുന്ന പാക്കേജുകൾ ചുവടെ ചേർക്കുന്നു.

1. ഫിഷറീസ് വകുപ്പ് മുഖാന്തിരം തീരദേശത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് 2016-17 മുതൽ 2021-22 വരെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ആകെ 2008.84 കോടി രൂപ വകയിരുത്തുകയും 1920.82 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.
2. തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നതിനായി 2450 കോടി രൂപയുടെ അടങ്കൽ തുകയുള്ള പുനർഗേഹം പദ്ധതി നടപ്പിലാക്കി വരുന്നു.
3. തീരദേശ വികസന കോർപ്പറേഷൻ മുഖാന്തിരം കിഫ്ബി പദ്ധതിയിൽ 66.34 കോടി രൂപയുടെ സ്കൂളുകളുടെ പുനരുദ്ധാരണം പദ്ധതി പൂർത്തീകരിച്ചു വരുന്നു. 137.82 കോടി രൂപയുടെ മാർക്കറ്റ് നവീകരണ പദ്ധതി നടപ്പിലാക്കി വരുന്നു.
4. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന കിഫ്ബി തീരസംരക്ഷണം 85.40 കോടി രൂപ, RIDF Scheme 7.14 കോടി രൂപ, ടൂറിസം വകുപ്പിൽ നിന്ന് 8.35 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭ്യമായി. കൂടാതെ കിഫ്ബിയിൽ ഉൾപ്പെടുത്തി 209.66 കോടി രൂപയുടെ ഹാർബർ നിർമ്മാണം പുരോഗമിക്കുന്നു. ഓഖി പദ്ധതിയിൽ ഉൾപ്പെടുത്തി 54.70 കോടി രൂപയുടെ പദ്ധതി പൂർത്തീകരിച്ചു വരുന്നു. RKVY പദ്ധതിയിൽ ഉൾപ്പെടുത്തി ബെർത്തിംഗ് ജെട്ടി നിർമ്മാണം 24.88 കോടി രൂപ പദ്ധതി പൂർത്തീകരിച്ചു. ഹാർബർ അടിസ്ഥാന സൗകര്യ വികസനത്തിനായി 56.05 കോടി രൂപയുടെ RIDF പദ്ധതി പൂർത്തീകരിച്ചു. 102.81 കോടി രൂപയുടെ പദ്ധതി പുരോഗമിക്കുന്നു.
5. 46.54 കോടി രൂപയുടെ ഓഖി പുനരധിവാസ പദ്ധതി പൂർത്തീകരിച്ചു.